
വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുള്ളതാണ്, പക്ഷേ ഫലം മധുരമേറിയതും.
!
മഞ്ഞു തുള്ളി
. St Antonys Hss Mala .

# ഉള്ളടക്കം


- ചരിത്രം
- പത്രാധിപ സമിതി
- ആശംസകൾ
- സന്ദേശം
- കവിത
- സ്കൂളിന്റെ നേട്ടങ്ങൾ
- കവിത
- A+ നേടിയ വിദ്യാർത്ഥികൾ
- ചെറുകഥ
- സെബാസ്റ്റിൻൻറ്റ കലാസൃഷ്ടി
- സംസ്കൃത ചെറുകഥ



# ചരിത്രം

വർഷം 1093(AD 1917) കൊച്ചി ദിവാനായിരുന്ന സർ.ജോസഫ് ബോർ ശിലാസ്ഥാപനം നടത്തുകയും മാള സ്റ്റെൻസ്‌ലാവോസ് പള്ളിയിൽനിന്നും പണികഴിപ്പിച്ചതുമായ ഈ കെട്ടിടം വിദ്യാരംഭത്തിന് തുടക്കം കുറിച്ചപ്പോൾ സർക്കാർ എൽഎസ്എസ് വിദ്യാലയമായിരുന്നു .

1927 വരെ ഈ കെട്ടിടത്തിൽ ഗവൺമെന്റ് സ്കൂൾ നടത്തി. അഞ്ചാംക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർഥികൾ പ്രതിമാസം 10 പറ നെല്ലിന്റെ വിലയായ 8 ക ഫീസ് നൽകേണ്ടിയിരുന്നു. എന്നിരുന്നാലും 1927 ആയപ്പോഴേക്കും സ്കൂൾ നടത്തിപ്പിൽ ഉണ്ടായ നഷ്ടം പരിഗണിച്ച് കൊച്ചി ഗവൺമെന്റ് സ്കൂൾ നിർത്തലാക്കുവാൻ തീരുമാനിച്ചു. കുട്ടികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകി.ഈ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് നാട്ടുകാർ സംഘടിച്ച് സ്കൂൾ പള്ളിക്ക് വിട്ടു കൊടുക്കാൻ അപേക്ഷിച്ചു. ഒരു വർഷത്തെ നടത്തിപ്പിൽ വന്ന നഷ്ടമായി കണക്കാക്കിയ 1000 ക നൽകിയാൽ മാത്രമേ സ്കൂൾ വിട്ടു കൊടുക്കുകയുള്ളൂ എന്നായിരുന്നു സർക്കാരിന്റെ പക്ഷം.
24-08-1927ൽ സ്കൂൾ പള്ളി മാനേജ്മെന്റ് ഏറ്റുവാങ്ങി.

അന്നത്തെ മാള പള്ളി വികാരി ഫാ.ആന്റണി പുല്ലോക്കാരൻ ആയിരുന്നു ആദ്യത്തെ സ്കൂൾ മാനേജർ. പ്രധാനാധ്യാപകൻ ബാലകൃഷ്ണമേനോൻ മാത്തിപ്പറമ്പിൽ കൂടാതെ അധ്യാപകരായ ശ്രീ.വി.ഐ കര്യാക്കോസ് വലിയവീട്ടിൽ, ശ്രീ എം ടി സാനി മാമ്പിള്ളി,ശ്രീ.കെ.എൽ.മാർക്കോസ്, 42വിദ്യാർഥികൾ എന്നിവരുൾപ്പെട്ടതായിരുന്നു വിദ്യാലയം...1928ൽ ശ്രീ.വി ഐ കുര്യാക്കോസ് പ്രധാനാധ്യാപകനായി ചാർജെടുത്തു. ഇക്കാലത്തെ പൊതു പരീക്ഷ ഫോം 3 എന്നാണറിയപ്പെട്ടിരുന്നത്.. വിദ്യാലയം പരീക്ഷാകേന്ദ്രം അല്ലാതിരുന്നതിനാൽ കുട്ടികൾക്ക് സി ജി എച്ച് സ്കൂൾ കഴിക്കാട്ടുശ്ശേരി യിലേക്ക് പരീക്ഷയെഴുതാൻ പോകേണ്ടിയിരുന്നു... പിന്നീട് വിദ്യാലയം പരീക്ഷാകേന്ദ്രമായി ഉയർത്തി..
ഇടവം1113ൽ 1937 -1938 കാലഘട്ടത്തിൽ ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. R.K.ഷണ്മുഖം ചെട്ടി K.C.I.E കൊച്ചി ദിവാൻ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു.1939ൽ ഒമ്പതാം ക്ലാസും1940ൽ പത്താം ക്ലാസും നിലവിൽവന്നു.. ഇക്കാലയളവിൽ സൊക്കോർസോ കോൺവെന്റ് ഹൈസ്കൂളായി ഉയർന്നതിനാൽ പെൺകുട്ടികൾ അവിടേക്ക് പഠനത്തിനായി പോയി.. 5-6-1939ൽ വിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ. ശ്രീ.വി ഐ കുര്യാക്കോസ് ബി എ.എൽ ടി.

അധ്യാപകരായി ശ്രീ.വി.വി.തോമസ് ബി എ,ശ്രീ.എം.കെ കുഞ്ഞു വറീദ്,ശ്രീ.കെ എൽ മാർക്കോസ്,ശ്രീ.എം.ടി.സാനി,ശ്രീ.ടി കെ ജോസഫ്,ശ്രീ.രാമ അയ്യർ എന്നിവരും 202 വിദ്യാർത്ഥികളും ഉണ്ടായിരുന്നു..സന്മാർഗ പാഠാവലി ക്ലാസ് കളും മെഡിക്കൽ പരിശോധനയും ആ കാലഘട്ടത്തിലും നിലനിന്നിരുന്നു... ക്രമേണ കൊച്ചി ദേശത്തെ മികച്ച സ്കൂളുകളിലൊന്നായി ഈ വിദ്യാലയം മാറി... 1998 ൽ റെവ.ഫാ.ജോസ് മഞ്ഞളി,റെവ.ഫാ.പോൾ. സി.അമ്പൂക്കൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു ഹയർസെക്കൻഡറി വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു.. 1998 ൽ അന്നത്തെ സ്കൂൾ മാനേജർ ഫാ. പോൾ .സി അമ്പൂക്കൻ തറക്കല്ലിട്ട കെട്ടിടം,11-01-2000 ൽ മുൻ മുഖ്യമന്ത്രി കെ കരുണാകരൻ, വിദ്യാഭ്യാസ മന്ത്രി പി ജെ ജോസഫ്, ഇരിങ്ങാലക്കുട രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജോസ് മഞ്ഞളി,പ്രിൻസിപ്പൽ ശ്രീ എം സി ആന്റണി എന്നിവരുടെ സാന്നിധ്യത്തിൽ ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ ഉദ്ഘാടനം ചെയ്തു...2013ൽ ആനി ജോൺ, 2015ൽ അൽഡ്രിന മരിയ 2016ൽ എയ്ഞ്ചേലിയ സി യു,2019ൽ ഡെൽന ഡേവിസ് എന്നിവർ
പ്ലസ് ടു പരീക്ഷയിൽ മുഴുവൻ മാർക്കും നേടി വിദ്യാലയത്തിന് അഭിമാനമായി മാറി..ഹൈസ്കൂൾ വിദ്യാർത്ഥിയായ അനെക്സ് ഷാജി 2020-21 അധ്യയന വർഷത്തെ ശാസ്ത്ര പഥം പ്രൊജക്റ്റ്ൽ സംസ്ഥാന തല മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ടു.

പ്രഗൽഭരായ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ നാട്ടുകാരുടെയും, രക്ഷാകർത്താക്കളുടെയും സഹകരണത്തോടെ ഏറെ നേട്ടങ്ങൾ കൈവരിക്കുവാൻ വിദ്യാലയത്തിന് സാധിച്ചു.

# എഡിറ്റോറിയൽ

2023 -24 കാലഘട്ടത്തിലെ സെന്റ്. ആന്റണിസ് എച്ച്.എസ്.എസ് മാള സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് "**മഞ്ഞുതുള്ളി** "ഈ അദ്ധ്യായന വർഷത്തിൽ സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ ഈ മാഗസിനിലൂടെ ഉൾപെടുത്താൻ ശ്രമിച്ചിട്ടുണ്ട് വർഷങ്ങൾ പോയി മറയുമ്പോൾ എല്ലാവർക്കും സ്കൂളിൽ ഈ കാലഘട്ടത്തിൽ നടന്നിരുന്ന കാര്യപരിപാടികളെകുറിച്ച് വിവരം നൽകാൻ ഈ മാസികക്ക് കഴിയും.അടുത്തകാലത്ത് നമ്മുടെ സമൂഹത്തിൽ വിഷ്വൽ മീഡിയയുടെ സ്വാധീനം വളരെ വലുതാണ്.മാറിയ ഈ സാഹചര്യത്തിൽ നമ്മുടെ ആശയങ്ങളെ എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കാൻ പറ്റുന്ന ഈ മീഡിയ വഴി പല നല്ല ആശയങ്ങളും മറ്റുള്ളവരിലേക്ക് എത്തിക്കാൻ ഞങ്ങൾ ശ്രമിയട്ടുണ്ട് .

എഡിറ്റർ
നവനീത് സുനിൽകുമാർ

# പത്രാധിപ സമിതി

- ഐഡാൻ ഡിൻ്റോ
- ഷാരോൺ പൗലോസ്
- നവനീത് സുനിൽകമാർ
- പാർഥിവ് കൃഷ്ണ
- റിസ്വാൻ പി.കെ
- ആദികൃഷ്ണ ഇ.യു
- സച്ചിൻ ഷാബു
- ജെസ്വിൻ ജെൽസൺ
- എഫ്രേം സെബാസ്റ്റിൻ
- നിഷാൽ രാജ്
- നവീൻ കൃഷ്ണ
- ശ്രീഹരി ടി.എസ്
- ആര്യനന്ദ്
- അഭിനവ് കൃഷ്ണ
- ശിവസൂര്യ സന്തോഷ്
- ദേവനന്ദ
- അൽഗ വി.എൽ
- ജിസ്ന കെ.ജെ
- സന ഒ.എ
- നന്ദന രാജീവ്
- ആര്യാനന്ദ പി.യു
- ആധിദേവ് കെ.എസ്
- ആര്യാനന്ദ് ടി.ബി

# ആശംസകൾ



റീന കെ.പി.,

ഹെഡ്മിസ്ട്രസ്സ്

നമ്മുടെ സെൻ്റ് ആൻ്റണീസ് വിദ്യാലയം നൂറ്റിഎഴാം വർഷത്തിലേക്കു പ്രവേശിക്കുകയാണല്ലോ. അറിവിന്റെ പ്രകാശം പകർന്നു നൽകി, പ്രതിഭാധനരായ അനേകം പേർക്ക് ജന്മം നൽകി, മാളയുടെ ഹൃദയ ഭാഗത്ത് നിലകൊ ള്ളുന്നു നമ്മുടെ വിദ്യാലയം. അറിവും ആത്മാർപ്പണവും നിറഞ്ഞ, ഒരേ മനസ്സോടെ പ്രവർത്തി ക്കുന്ന അധ്യാപകരും അനധ്യാപകരും ഈ വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നു. നാടിനെ പുരോഗതിയിലേക്ക് നയിക്കുന്നതിൽ നമ്മുടെ വിദ്യാലയം സുപ്രധാന പങ്ക് വഹിക്കുന്നു. മൂല്യാധി ഷ്ഠിത വിദ്യാഭ്യാസം പുതിയ തലമുറക്ക് അനിവാര്യമായ ഒന്നാണ്.

അച്ചടക്കവും അറിവും മാത്രമല്ല അനിവാര്യമായ മൂല്യബോധവും കുട്ടികളിലുണ്ടാവണം എന്ന ലക്ഷ്യത്തോടെ സമയ ബന്ധിതമായി, കാലാനുസൃതമായ മാറ്റങ്ങളോടെയുള്ള പാഠ്യസമ്പ്രദായ ങ്ങളാവിഷ്ക്കരിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു നമ്മുടെ വിദ്യാലയം നിലകൊള്ളുന്നു. പാഠ്യ പാഠ്യേതര, കലാ കായിക രംഗങ്ങളിലും ഉജ്ജ്വല വിജയം നേടാൻ ഈ കലാലയത്തിനു സാധിക്കുന്നു. ഈ വിദ്യാലയത്തിൻ്റെ ഒരു ഭാഗമായി പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. ആയിരക്കണക്കിന് കുട്ടികളിൽ അറിവിൻ്റെ ദീപം കൊളു ത്തിയ ഈ മഹത് വിദ്യാലയം ഇനിയും പൂർവ്വാധികം ശോഭയോടെ മുന്നോട്ട് പോകട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

# സന്ദേശം



സ്കൂൾ മാനേജർ
റവ. ഫാ. ജോർജ്ജ് പാറേമേൻ

"The root of education is bitter but fruit is sweeter"

വിദ്യഭ്യാസത്തിൻറെ വേര് കയ്പേറിയതും ഫലം മധുരിക്കുന്നതുമാണ്. മധുരിക്കുന്ന അനുഭവങ്ങൾ ഉണ്ടാകണമെങ്കിൽ കയ്പേറിയ കടമ്പകൾ കടക്കണം. മാള സെ.ആൻ്റണീസ് സ്ക്രൂളിന്റെ ഔന്നത്യം മധുരിക്കുന്ന അനുഭവങ്ങളിലേക്ക് ഓരോ വിദ്യാർത്ഥിയെയും കരം പിടിച്ച് ഉയർത്തി കൊണ്ടു വന്നു എന്നതാണ്. ഈ വലിയ നിയോഗം ഭംഗിയായി പൂർത്തിയാക്കിയിട്ടുണ്ട് . എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും സ്നേഹ പൂർവ്വം നേരുന്നു. തിരശ്ശീലക്ക് പുറകിൽ അദ്ധ്വാനിച്ച, അദ്ധ്വാനിക്കുന്ന ഏവർക്കും ഒരു വലിയ നിർവൃതിയുടെ സമയമായിരിക്കും ഇത്. പരസ്പരം നന്ദി പറയാം, കൂടുതൽ തീക്ഷണതയോടെ, ആത്മാർപ്പണത്തോടെ, കൃത്യതയാർന്ന പ്രവർത്തനങ്ങളിലൂടെ ഇനിയും, സെ. ആൻ്റണിസിന്റെ യശസ് വാനോളം ഉയർത്താൻ ഏവർക്കും സാധ്യമാകട്ടെ എന്നാശംസിക്കുന്നു.

# നാളേക്ക് വേണ്ടി

ഒരു തൈ നടാം നമുക്കമ്മയ്ക്ക് വേണ്ടി
ഒരു തൈ നടാം കൊച്ചു മക്കൾക്ക് വേണ്ടി ..
ഒരു തൈ നടാം നൂറു കിളികൾക്ക് വേണ്ടി..
ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി..(ഒരു തൈ നടാം..3)

ഇതു പ്രാണ വായുവിനായ് നടുന്നു..
ഇത് മഴയ്ക്കായ് തൊഴുതു നടുന്നു.(2)
അഴകിനായ്, തണലിനായ് , തേൻ പഴങ്ങൾക്കായ്..
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു ..(2)
അഴകിനായ് തണലിനായ് തേൻ പഴങ്ങൾക്കായ്
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു (ഒരു തൈ നടാം)

ചൊരിയും മുലപ്പാലിന്നോർമയുമായ് ..
പകരം തരാൻ കൂപ്പുകൈ മാത്രമായ് ..(2)
ഇതു ദേവി ഭൂമി തൻ ചൂടകറ്റാൻ ..
നിറ കണ്ണുമായ് ഞങ്ങൾ ചെയ്യുന്ന പൂജ (2)
ഇത് ദേവി ഭൂമിതൻ ചൂടകറ്റാൻ
നിറഞ്ഞകണ്ണുമായ് ഞങ്ങൾ ചെയ്യുന്ന പൂജ

ഒരു തൈ നടാം നമുക്കമ്മയ്ക്ക് വേണ്ടി ..
ഒരു തൈ നടാം കൊച്ചു മക്കൾക്ക് വേണ്ടി ..
ഒരു തൈ നടാം നൂറു കിളികൾക്ക് വേണ്ടി..
ഒരു തൈ നടാം നല്ല നാളേക്ക് വേണ്ടി..(2)

# ST ANTONYS HSS MALA

## SUB DISTRICT LEVEL SOCIAL SCIENCE FAIR

# WINNERS

### STILL MODEL HS B GRADE



HESHAM MEHAMUD
AMOGH VARSH GIRIDHAR

### WORKING MODEL HS A GRADE



NAVEEN JOSE & ABHI M RAJEEVE

### ATLAS MAKING HS B GRADE



ALWIN ANTONY

### LOCAL HISTORY WRITING HS A GRADE



DEVAPRIYA T S

### QUIZ THIRD A GRADE



VAISHNAVI K R

### WORKING MODEL UP

AJENDRA T A &
SREEDUTH ILSUNG



# Subdistrict Level Science Fair

# WINNERS

## WORKING MODEL UP THIRD A GRADE



MADHAV R NAIR & SREENAND K MOHANDAS

## WORKING MODEL HS SECOND A GRADE



AIDEN DINTO &SHARON POULOSE

## IMPROVISED EXPERIMENT B GRADE



AHMED AMAN & ANEEK P J

## TALENT SEARCH EXAMINATION THIRD



ANUMOD K L

## STILL MODEL UP B GRADE



AMAL V S & HARIN T U

## C V Raman Essay Competition THIRD



FARHA P JALEEL

# SUBDISTRICT LEVEL WORK EXPERIENCE FAIR

# WINNERS

**THREAD PATTERN**
FIRST A GRADE



**ATHULYA K J**

**METAL ENGRAVING**
THIRD A GRADE



**ATHUL RAMESH**

**AGARBATHI MAKING**
SECOND A GRADE



**ARYA P B**

**CLAY MODELING**
B GRADE



**ADWAITH K R**

**FABRIC PAINTING**
A GRADE



**SHIVAGANGA C S**

**BOOK BINDING**
B GRADE



**ANUSREE M S**

# St.Antonys HSS Mala

## സംസ്ഥാനതല കലാ ഉത്സവ് 2023



**അവന്തിക എൻ ഷേണായ് (X C)**

തബല ഇനത്തിൽ ഒന്നാം സ്ഥാനം
കരസ്ഥമാക്കി ദേശീയതലത്തിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട മാള
സെന്റ്.ആന്റണിസ് HSS ന്റെ

**അവന്തികക്ക്**
**അഭിനന്ദനങ്ങൾ**

Management, PTA & Staff



# JOHN PAYYAPPILLY



**മഹാരാഷ്ട്രയിലെ ഷിഗോണിൽ
വച്ച് നടന്ന നാഷണൽ
സബ്ജൂനിയർ ആട്ട്യ - പാട്ട്യ
ചാമ്പ്യൻഷിപ്പിൽ കേരള ടീമിനു
വേണ്ടി മൽസരിച്ച നമ്മുടെ
ജോൺ പയ്യപ്പിള്ളിക്ക്
അഭിനന്ദനങ്ങൾ**

## Congrats

PTA,STAFF & MANAGEMENT

# എന്റെ വിദ്യാലയം

ഞാനൊരു വിദ്യാർഥിയാ-
ണെൻ പാഠമിജ്ജീവിതം;
നൂനമെൻ, ഗുരുനാഥര-
ജ്ഞാതരേതോ ദിവ്യർ.

തിങ്കളും താരങ്ങളും,
തൂവെള്ളി കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം!

ഇന്നലെ കണ്ണീർവാർത്തു
കരഞ്ഞീടിനവാന-
മിന്നിതാ ചിരിക്കുന്നു,
പാലോളി ചിതറുന്നു;

മുൾച്ചെടിത്തലപ്പിലും
പുഞ്ചിരിവിരിയാറു-
ണ്ടച്ചെറു പൂന്തോപ്പിലെ
പനിനീരുരയ്ക്കുന്നു;

മധുവിൻ മത്താൽ പാറി
മൂളുന്നു മധുപങ്ങൾ;
'മധുരമീ ജീവിതം,
ചെറുതാണെന്നാകിലും'

ആരെല്ലെൻ ഗുരുനാഥ-
രാല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ!

തിങ്കളും താരങ്ങളും,
തൂവെള്ളി കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം!!


- ഒളപ്പമണ്ണ


ആശംസകൾ..... അഭിനന്ദനങ്ങൾ
Full A+
9 A+
8 A+



1917 – ൽ ആരംഭിച്ച സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ....
















# എന്റെ മാതൃഭാഷ കണ്ടുപിടിക്കാമോ?

ഒരിക്കൽ അക്ബർ ചക്രവർത്തിയുടെ സദസ്സിൽ ഒരു പണ്ഡിതൻ വന്നു. അദ്ദേഹത്തിന് 22 ഭാഷകൾ അറിയാമായിരുന്നു. ഈ ഭാഷകളിലെല്ലാം അനായാസം സംസാരിക്കുവാനും എഴുതുവാനും പണ്ഡിതന് കഴിയുമായിരുന്നു.

എന്റെ മാതൃഭാഷ ഏതാണെന്ന് കണ്ടുപിടിക്കുവാൻ കഴിയുമോ? പണ്ഡിതൻ വെല്ലുവിളിച്ചു. അക്ബറിന്റെ സദസ്സിൽ ധാരാളം വിജ്ഞാനികൾ ഉണ്ടായിരുന്നു. അവർ പഠിച്ചപണി പതിനെട്ടും പയറ്റിയിട്ടും ആഗതന്റെ മാതൃഭാഷ ഏതാണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞില്ല.


പ്രഭോ,ഇദ്ദേഹത്തിന്റെ മാതൃഭാഷ ഏതാണെന്ന് ഞാൻ പറയാം.എനിക്ക് ഒരു ദിവസത്തെ സമയം തരണം. ബീർബൽ പറഞ്ഞു. ചക്രവർത്തി സമ്മതിച്ചു.

അന്നു രാത്രി പണ്ഡിതൻ കിടന്നുറങ്ങിയിരുന്ന മുറിയിൽ ബീർബൽ നൂണ്ടു കയറി. ഉറക്കത്തിലായിരുന്ന പണ്ഡിതനെ ചൂരൽ കൊണ്ട് അച്ചാലും മുച്ചാലും തല്ലി.

തിരുടൻ തിരുടൻ, ഓടി വാങ്കോ ഓടി വാങ്കോ, കാപ്പാത്തുങ്കോ കാപ്പാത്തുങ്കോ...... പണ്ഡിതൻ അലറി വിളിച്ചത് മുഴുവൻ തമിഴിലായിരുന്നു......

ബീർബൽ പണ്ഡിതനോട് മാപ്പുപറഞ്ഞു. പക്ഷേ, അദ്ദേഹത്തിന്റെ മാതൃഭാഷ തമിഴാണെന്ന് മനസ്സിലാക്കാൻ ബീർബലിന് പ്രയാസമുണ്ടായിരുന്നില്ല. എത്ര വലിയ ബഹുഭാഷാ പണ്ഡിതനാണെങ്കിലും ജീവിതത്തിന്റെ വൈകാരിക മുഹൂർത്തങ്ങളിൽ അറിയാതെ മാതൃഭാഷ പുറത്തുചാടും. കാരണം മാതൃഭാഷ രക്തത്തിൽ അലിഞ്ഞുചേർന്നതാണ്.

# സെബാസ്റ്റ്യന്റെ കലാസൃഷ്ടി









# बक, कर्कटक–कथा

"भक्षयित्वा बहून्मत्स्यानुत्तमाधममध्यमान् ।
अतिलौल्याद् बकः कश्चिन्मृतः कर्कटग्रहात् ॥"

अस्ति कस्मिंश्चिद्वनप्रदेशे नानाजलचरसनाथं महत्सरः । तत्र च कृताश्रयो बक एको वृद्धभावमुपगतो मत्स्यान् व्यापादयितुमसमर्थः । ततश्च क्षुत्क्षामकण्ठः सरस्तीर उपविष्टो मुक्ताफलप्रकरसदृशैरश्रुप्रवाहैर्धरातलमभिषिञ्चन् रूरोद । एकः कुलीरको नानाजलचरसमेतः समेत्य तस्य दुःखेन दुःखितः सादरमिदमूचे –– "माम ! किमद्य त्वया नाहारवृत्तिरनुष्ठीयते । केवलमश्रुपूर्णनेत्राभ्यां स निःश्वासेन स्थीयते ।" स आह –– "वत्स सत्यमुपलक्षितं भवता, मया हि मत्स्यादनं प्रति परमवैराग्यतया सांप्रतं प्रायोपवेशनं कृतम् , तेनाहं समीपगतानपि मत्स्यान्न भक्षयामि ।"

कुलीरकस्तच्छ्रु त्वा प्राह –– "माम! किं तद्वैराग्यकारणम् ? "

सप्राह –– "वत्स! अहमस्मिन्सरसि जातो वृद्धिं गतश्च । तन्मयैतच्छ्रु तं यद् द्वादशवार्षिक्यानावृष्टिः संपद्यते लग्ना।"

कुलरीक आह –– "कस्मात्तच्छ्रुतम् ? "

बक आह –– "दैवज्ञमुखात्। एष शनैश्र्चरो हि रोहिणीसकटं भित्त्वा भौमं शुक्रं च प्रयास्यति ।" उक्तञ्च

वराहमिहिरेण –– यदि भिन्ते सूर्यसुतो रोहिण्याः शकटमिह लोके ।
द्वादशवर्षाणि तदै नहि वर्षति वासवो भूमौ ॥

तथा च –– प्राजापत्ये शकचे भिन्ने कृत्वेव पातकं वसुधा ।
भस्मामास्थिषकलकीर्णा कापालिकमिव व्रतं धत्ते ॥

तथा च –– रोहिणीशकटमर्कनन्दनश्चेद्भिनत्ति रुधिरोऽथवा शशी ।
किं वदामि तदनिष्टसागरे सर्वलोकमुपयाति संक्षयम् ॥
रोहिणीशकटमध्यसंस्थिते चन्द्रमस्य शरणीकृता जनाः ।
क्वापि यान्ति शिशुपाचिताशनाः सूर्यतप्तभिदुराम्बुपायिनः ॥

तदेतत्सरः स्वल्पतोयं वर्तते, शीघ्रं शोषं यास्यति । अस्मिञ्छुष्के यैः सहाहं वृद्धिं गतः सदैव क्रीडितश्र्च ते सर्वे तोयाभावान्नाशं यास्यन्ति; तत्तेषां वियोगं द्रष्टुमसमर्थः । तेनैतत्प्रायोपवेशनं कृतम् । सांप्रतं सर्वेषां स्वल्पजलाशयानां जलचरा गुरुजलाशयेषु स्वस्वजनैर्नीयन्ते । केचिच्च मकरगोधाशिशुमारजलहस्तिप्रभृतयः स्वयमेव गच्छन्ति । अत्र पुनः सरसि ये जलचरास् ते निश्चिन्ताः सन्ति । तेनाहं विशेषाद्रोदिमि, यद् बीजशेषमात्रमप्यत्र नोद्धरिष्यति ।"

ततः स तदाकर्ण्यान्येषामपि जलचराणां तत्तस्य वचनं निवेदयामास । अथ ते सर्वेभयत्रस्तमनसो सत्स्यकच्छपप्रभृतयस्तमभ्युपेत्य पप्रच्छुः –– "माम! अस्ति कश्चिदुपायो येनास्माकं रक्षा भवति ? "

बक आह –– "अस्तस्य जलाशयस्य नातिदूरे प्रभूतजलसनाथं सरः । पद्मिनीखण्डमण्डितं यच्चतुर्वि शत्यापि वर्षाणामनावृष्टया न शोषमेष्यति । तद्यदि मम पृष्ठं कश्चिदारोहति तदहं तं तत्र नयामि ।"

अथ ते तत्र विश्वासमापन्नाः "तात, मातुल, भ्रातः ! "इति ब्रुवाणा अहं पूर्वमहं पूर्वम् , इति समन्तात्परितस्थुः । सोऽपि दुष्टाशयः क्रमेण तान् पृष्ठे आरोप्य जलाशयस्य नातिदूरे शिलां समासाद्य तस्यामाक्षिप्य स्वाच्छया भक्षयित्वा भूयोऽपि दलासयं समासाद्य जलचराणां मिथ्यावार्तासन्देशकैर्मनांसि रञ्जयन्नित्यमेवाहारवृत्तिमकरोत् ।


अन्यस्मिन्दने च कुलीरकेणोक्तः -- " माम! मया सह ते प्रथमः स्नेहसंभाषः सञ्जातः तत्किं मां परित्यज्यान्नयसि ? तस्मादद्य मे प्राणत्राणं कुरु ।"

तदाकर्ण्य सो ऽ पि दुष्टाशयश्चिन्तितवान् -- "निर्विण्णो ऽ हं मत्स्यमांसादनेन, तदद्यैनं कुलीरकं व्यञ्जनस्थाने करोमि ।" इति विचिन्त्य तं पृष्टे समारोप्य तां वध्यशिलामुद्दिश्य प्रस्थितः । कुलीरकोऽपि दूरादेवास्थितपर्वतं शिलाश्रयमवलोक्य मत्स्यास्थीनि परिज्ञाय तमपृच्छत् -- "माम! कियद् दूरे स जलाशय ? मदीयभारेणातिश्रान्तस्त्वम् तत्कथय ? "

सोऽपि मन्दधीर्जलचरोऽयं स्तले न प्रभावतीति मत्वा सस्मितमिदमाह -- "कुलीर ! कुतयोऽन्यो जलाशयः ? मम प्राणयात्रेयम् । तस्मात्स्मर्यतात्मनोऽभीष्टदेवता, तवामप्यसयां शिलायां निक्षिप्य भक्षयिष्यामि ।" इत्युक्तवति तस्मिन् स्ववदनदंशद्वयेन मृणालनालधवलायां मृदुग्रीवायां गृहीतो मृतश्च ।

अथ स तां बकग्रीवां समादाय शनैः शनैस्तज्ञलाशयमाससाद । ततः सर्वैरेव जलचरैः पृष्टः -- "भोः कुलीरक! किं निवृत्तस्त्वम् ? स मातुलोऽपि नायातः । तत्किं चिरयति वयं सर्व सोत्सुकाः कृतक्षणास्तिष्ठामः ।"

एवं तैरभिहिते कुलीरकोऽपि विहस्योवाच -- "मूर्खाः! सर्वे जलचरास्तेन मिथ्यावादिना वञ्चयित्वा नातिदूरे शिलातले प्रक्षिप्य भक्षिताः । तन्ममायुःशेषतया तस्य विश्वासघातकस्याभिप्रायं ज्ञात्वा ग्रीवयेमानीताः तदलं संभमेण, अधुना सर्वजलचराणां क्षेमं भविष्यति । "












# SPORTS DAY















# CHRISTMAS CELEBRATION















ONAM CELEBRATION












STUDY TOUR









# നന്ദി